"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ്.- അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 343/2006 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.2814/2025/LSGD** | **തീയതി, തിരുവനന്തപുരം, 14-11-2025** |

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 24/09/2024 തീയതിയിലെ എ3/3811/2006/ട്രിഡ നമ്പർ കത്ത്
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26/06/2025 തീയതിയിലെ DCTVM/5888/2024-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 2031/2025/ത.സ്വ.ഭ.വ, തീയതി 16/08/2025
4. സ.ഉ.(സാധാ) നം. 8183/2025/ധന, തീയതി, 13/10/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്.- അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 343/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 8,02,781/- രൂപ (എട്ട് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാർമശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 343/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 8,02,781/- രൂപ ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം '4217-60-800-93-Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 8,03,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്.- അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 1218/1-1-1 (എൽ.എ. റീസർവ്വേ നം. 1218/10)-ൾപ്പെട്ട 0.07 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 343/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 8,02,781/-

രൂപ (എട്ട് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം), ടി കേസിലെ കക്ഷികളായ ശ്രീമതി കൃഷ്ണമ്മാൾ, ശ്രീ. ഷൺമുഖം പിള്ള എന്നിവർക്ക് അനുവദിക്കുന്നതിന്, *'4217-60-800-93 Payment of Compensation in LAR Cases'* എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/245/2025-Fin dated 22/10/2025).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/243 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 15-11-2025 12:34:59
സെക്ഷൻ ഓഫീസർ